പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1697 | 16-10-2026-ൽ മറുപടിയ്ക്ക്

കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർധനയ്ക്കുള്ള പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വർഗീസ് മാമ്മൻ

ശ്രീ. റെജി ചെറിയാൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

(എ) കെ.എസ്.ആർ.ടി.സി.-യുടെ മൂലധനച്ചെലവ് കുറയ്ക്കുന്നതിനും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

മറുപടി: കെ.എസ്.ആർ.ടി.സി.യുടെ മൂലധനച്ചെലവ് കുറയ്ക്കുന്നതിന് പുതിയ ബസുകൾ ലഭ്യമാക്കുന്നതിന് വേണ്ടി Annual Plan Fund, MLA ആസ്തി വികസന പദ്ധതി ഫണ്ട്, സ്പോൺസർഷിപ്പ് പദ്ധതി എന്നിവ മുഖാന്തരം 500 പുതിയ ബസുകൾ നിരത്തിലിറക്കുന്നതിന് ലക്ഷ്യമിടുന്നു.

1. നൈറ്റ് ടൈം കെ.എസ്.ആർ.ടി.സി. കമ്പാനിയൻ ലേഡീസ് ഒൺലി പിങ്ക് സർവീസുകൾ സ്ത്രീ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി, സ്ത്രീകൾക്ക് മാത്രമായി രാത്രികാല പിങ്ക് ബസുകൾ തിരുവനന്തപുരം - ടെക്ക്നോപാർക്ക് - കഴക്കൂട്ടം റൂട്ടിൽ ആരംഭിച്ചു.

2. എക്സിക്യൂട്ടീവ് ക്ലാസ് സർവീസുകൾ

കെ.എസ്.ആർ.ടി.സി. അത്യാധുനിക ആഡംബര ബസ് ഉപയോഗിച്ച് പുതുതായി 'എക്സിക്യൂട്ടീവ് ക്ലാസ്' പ്രീമിയം ബസ് സർവീസ് തിരുവനന്തപുരം - എറണാകുളം, ആലപ്പുഴ - ബെംഗളൂരു റൂട്ടുകളിൽ ആരംഭിച്ചു. വിമാന യാത്രയ്ക്ക് സമാനമായ പ്രീമിയം യാത്രാ സൗകര്യങ്ങൾ കുറഞ്ഞ ചെലവിൽ റോഡ് മാർഗ്ഗം ലഭ്യമാക്കുക എന്നതാണ് ഈ സർവീസിന്റെ ലക്ഷ്യം.

3. വെറ്റ് ലീസ് ബസുകൾ

കോർപ്പറേഷന്റെ സാമ്പത്തിക ബാധ്യത കുറയ്ക്കുവാനും ദീർഘദൂര അന്തർസംസ്ഥാന റൂട്ടുകളിലെ സ്വകാര്യ ബസുകളുടെ ചൂഷണം തടയുന്നതിനും വെറ്റ്ലീസ് വ്യവസ്ഥയിൽ ബസുകൾ വാടകയ്ക്ക് എടുത്ത് സർവീസ് നടത്തിവരുന്നു. ഇവയ്ക്ക് യാത്രക്കാരിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ച് വരുന്നത്.

4. കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ബസുകളിലും ഡിജിറ്റൽ എഫ്.എം. റേഡിയോ ലഭ്യമാക്കികൊണ്ട് വിനോദ വിജ്ഞാന പരിപാടികൾക്കൊപ്പം പരസ്യപ്രക്ഷേപണവും ചെയ്ത് വരുമാന മാർഗ്ഗമാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ടെണ്ടർ പ്രക്രിയയിലൂടെ ഇത് നടപ്പിലാക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.

5. കെ.എസ്.ആർ.ടി.സി.യിൽ കാർഗോ സംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾക്ക് കാർഗോസേവനം നൽകുന്നതിന് പ്രസ്തുത സ്ഥാപനവുമായി

ബന്ധപ്പെട്ട് ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

6. കെ.എസ്.ആർ.ടി.സി.യിൽ ഡിപ്പോ-ടു-ഡിപ്പോ സംവിധാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൊറിയർ ആന്റ് ലോജിസ്റ്റിക്സ് സർവ്വീസ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഡോർ-ടു-ഡോർ ഡെലിവറി സംവിധാനം കെ.എസ്.ആർ.ടി.സി.യിൽ ആരംഭിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ സർവീസ് നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര ബസ്സുകളാണുള്ളത്; അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇത് എത്രയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്;

<u>മറുപടി:</u> 12/10/2026-ലെ കണക്ക് പ്രകാരം സർവ്വീസ് നടത്തുന്നതിനായി 5709 ബസുകളാണ് കെ.എസ്.ആർ.ടി.സി. ഫ്ലീറ്റിൽ ഉള്ളത്.

നിലവിൽ Annual Plan Fund, MLA ആസ്തി വികസന പദ്ധതി ഫണ്ട്, സ്പോൺസർഷിപ്പ് പദ്ധതി എന്നിവ മുഖാന്തരം 500 പുതിയ ബസുകൾ നിരത്തിലിറക്കുന്നതിന് ലക്ഷ്യമിടുന്നു. എന്നാൽ അടുത്ത 5 വർഷത്തേയ്ക്ക് പുതിയ ബസുകൾ എത്രയെണ്ണം നിരത്തിലിറക്കുന്നതിനുള്ള ദീർഘകാല പ്ലാനുകൾ ഒന്നും എടുത്തിട്ടില്ല.

(സി) സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-യ്ക്ക് നൽകാൻ സാധിക്കുന്ന പദ്ധതിക്ക് മികച്ച പ്രതികരണം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> ലഭിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പ് മുഖാന്തരം നിലവിൽ:

1. Calicut City Service Co-Operative Society Ltd.

2. M/s. He-Man Auto Robopark Pvt. Ltd.

3. M/s. Southern Multi State Cooperative Credit & Multi Purpose Society Limited

എന്നിവിടങ്ങളിൽ നിന്നും 40 ലക്ഷം രൂപ വീതം ബസുകൾ വാങ്ങുന്നതിനായി സ്പോൺസർഷിപ്പ് പദ്ധതി മുഖാന്തരം ലഭിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് 3 പുതിയ ബസുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തുറമുഖാധിഷ്ഠിത ചരക്കുനീക്ക സേവന മേഖലയിലേക്ക് കടക്കാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> ഉദ്ദേശിക്കുന്നുണ്ട്.

തുറമുഖാധിഷ്ഠിത ചരക്ക് നീക്കസേവന മേഖലയിലേക്ക് ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്ത് പ്രാരംഭ നടപടികൾ കൈക്കൊണ്ടു വരുന്നു.

(ഇ) കെ.എസ്.ആർ.ടി.സി.യുടെ ബജറ്റ് ടൂറിസം സെല്ലിന്റെ പ്രവർത്തനം വിശദമാക്കാമോ; സെൽ പുതുതായി ആരംഭിച്ചിട്ടുള്ള ലക്ഷ്വറി പാക്കേജ് സർവീസുകൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

<u>മറുപടി:</u> കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ പ്രവർത്തനം ആരംഭിക്കുകയും വിവിധ ടൂറിസം പദ്ധതികൾ വിജയകരമായി നടപ്പിലാക്കുകയും ചെയ്തു. കുറഞ്ഞ ചെലവിൽ ജനങ്ങൾക്ക് വിനോദസഞ്ചാര

അവസരങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തിനകത്തും പുറത്തുമായി വൈവിധ്യമാർന്ന ടൂർ പാക്കേജുകൾ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുമായും മറ്റ് ഏജൻസികളുമായും സഹകരിച്ചാണ് ഭൂരിഭാഗം ടൂർ പാക്കേജുകളും നടപ്പിലാക്കുന്നത്. അന്തർ സംസ്ഥാന വിനോദസഞ്ചാര കേന്ദ്രമായ ലക്ഷദ്വീപിലേയ്ക്ക് പ്രത്യേക ടൂർ സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

S001 CO

ഭരണ ഭാഷ മാതൃ ഭാഷ

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം-695023 ഫോൺ: 0471-2471011,
ഫാക്സ്:0471-2478685/2462679, ഇമെയിൽ: cmd@kerala.gov.in, വെബ്സൈറ്റ്: keralartc.com

നമ്പർ. S001-BTC02/21/2026-OPRS-KSRTC-HQ തീയതി:21-08-2026

മെമ്മോറാണ്ടം

വിഷയം :- കെ എസ് ആർ ടി സി : ബഡ്ജറ്റ് ടൂറിസം സെൽ - ലക്ഷദ്വീപ് പാക്കേജ് - നിരക്ക് അറിയിക്കുന്നത് സംബന്ധിച്ച് :

കെ എസ് ആർ ടി സി ബഡ്ജറ്റ് ടൂറിസം സെൽ - ന്റെ ഭാഗമായി യൂണിറ്റുകൾക്കായുള്ള ലക്ഷദ്വീപ് പാക്കേജിന് അനുമതി നല്കി ഉത്തരവാകുന്നു. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിരക്ക് / നിർദ്ദേശം പ്രകാരം ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് യൂണിറ്റ് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നു. പ്രസ്തുത പാക്കേജുമായി ബന്ധപ്പെട്ട എല്ലാ ക്രമീകരണങ്ങളും എറണാകുളം ജില്ലാ കോ-ഓർഡിനേറ്റർ (9188938528) മുഖാന്തിരം നിർവ്വഹിക്കേണ്ടതാണ് .

UDAYAKUMAR R
CHIEF TRAFFIC MANAGER(BUDGET TOURISM CELL)(KSRTC-HQ)

സ്വീകർത്താവ് : എല്ലാ യൂണിറ്റ് അധികാരികൾക്കും

പകർപ്പ് : പി എസ് ടു സി എം ഡി

ലക്ഷദ്വീപ് പാക്കേജ് – വിശദ വിവരങ്ങൾ.

ലക്ഷദ്വീപ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കോറൽസ് വിസ്ത (Corals Vista) എന്ന സ്ഥാപനവുമായി സഹകരിച്ച് നടപ്പിലാക്കുന്ന ലക്ഷദ്വീപ് ടൂർ പാക്കേജുകളുടെ 2026 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേക്കുള്ള പാക്കേജ് നിരക്കുകൾ താഴെപ്പറയുന്നവയാണ്.

Package Type	Adult (Per Person)	Child Rate (6–12 Years) Per Person
Home Stay Package	₹29,500/-	₹25000/-
Resort Package	₹39,900/-	₹29900/-

പ്രസ്തുത പാക്കേജുകൾ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ആരംഭിക്കുന്ന തരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. മുകളിൽ നൽകിയിരിക്കുന്ന പാക്കേജ് നിരക്കുകളിൽ 2026 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ നിലവിലുള്ള വിമാന ടിക്കറ്റ് നിരക്കായ ₹15,800/- ഉൾപ്പെടുന്നതാണ്. കൂടാതെ, ലക്ഷദ്വീപിൽ ലഭ്യമാകുന്ന Entry Permit, Accommodation, Meals, Island Activities, Travel Insurance തുടങ്ങിയ സേവനങ്ങൾക്കുള്ള തുകയും ഉൾപ്പെടുത്തിയിട്ടുണ്ട്.

Flight ചാർജിനു പുറമേ ലക്ഷദ്വീപിലെ സേവനങ്ങൾക്കായി അടയ്ക്കേണ്ട നിരക്കുകൾ ചുവടെ ചേർക്കുന്നു.

- Home Stay Package: ₹10,500/- (കുട്ടികൾക്ക് ₹6,000/-)
- Resort Package : ₹20,000/- (കുട്ടികൾക്ക് ₹10,000/-)

  - ➢ വിമാന ടിക്കറ്റ് നിരക്കിലെ വ്യത്യാസങ്ങൾക്ക് അനുസരിച്ച് ഓരോ മാസവും പാക്കേജ് നിരക്കിൽ മാറ്റം വരുന്നതായിരിക്കും.
  - ➢ ഓരോ മാസത്തെയും പുതുക്കിയ നിരക്കുകൾ ചീഫ് ഓഫീസുമായി ബന്ധപ്പെട്ട് സ്ഥിരീകരിച്ചതിന് ശേഷം മാത്രം പാക്കേജ് നിരക്കുകൾ പ്രഖ്യാപിക്കേണ്ടതാണ്. പാക്കേജുമായി ബന്ധപ്പെട്ട മറ്റ് എല്ലാ ഏകോപനങ്ങളും ക്രമീകരണങ്ങളും എറണാകുളം ജില്ലാ കോ-ഓർഡിനേറ്റർ (9188938528) മുഖാന്തിരം നിർവഹിക്കേണ്ടതാണ്.
  - ➢ ക്യാൻസലേഷൻ പോളിസി, വിമാന സമയങ്ങളിൽ ഉണ്ടാകാവുന്ന വ്യതിയാനങ്ങൾ, ഫ്ലൈറ്റ് റീ-ഷെഡ്യൂളിംഗ് /ക്യാൻസലേഷൻ സംബന്ധിച്ച സാധ്യതകൾ, ബാഗേജ് പോളിസി എന്നിവ ഉൾപ്പെടെ യാത്രയുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും വിവരങ്ങളും യാത്രക്കാരെ ബുക്കിംഗ് സമയത്തുതന്നെ വ്യക്തമായി അറിയിക്കേണ്ടതാണ്.
  - ➢ പാക്കേജ് യാത്ര കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ആരംഭിക്കുന്നതിനാൽ, വിവിധ സ്ഥലങ്ങളിൽ നിന്ന് വിമാനത്താവളത്തിലെത്തുന്ന യാത്രക്കാർ വിമാനത്തിന്റെ പുറപ്പെടൽ സമയത്തിന് കുറഞ്ഞത് 3 മണിക്കൂർ മുമ്പെങ്കിലും കൊച്ചി എയർപോർട്ടിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും യാത്രാ സംബന്ധമായ മറ്റ് സഹായങ്ങളും എറണാകുളം ജില്ലാ കോ-ഓർഡിനേറ്റർ മുഖാന്തിരം യാത്രക്കാർക്ക് നൽകേണ്ടതാണ്.

Itinerary



Day1

On arrival atAgatti airport,our representative will receive and escort you to the roomAfter the lunch

proceed for Agatti island

sightseeing which include ,

- lagoon beach
- western jetty
- South beach
- Eastern jetty (ship embarkation and de embarkation point)
- Andhan beach a sunset point

relax in the creamy sand an couple of hours and back to

Resort around

7PM, dinner will be serve at 8:30. Overnight stay at

Agatti

AGATTI ISLAND



Day 2

after breakfast proceeds

to watersports we provides

- Snorkeling
- Swimming
- Dolphin watch
- Deep sea boat safari

snorkel in blue shallow water.

AGATTI ISLAND

Day 3

Water sports activities

- Scuba diving
- kayaking
- Glass Bottom Boat Ride
- kalpitti island visit
- turtel watch

After lunch, Agatti – Kalpitti islands day trip by Private Boat based on climate condition beautiful sandy beaches

Failure is an option, but fear is not," resonate deeply with those who venture into the underwater world. For scuba divers, every descent is a dance with the unknown, a chance to explore the mysteries of the ocean.

A beautiful day on the water is a great way to renew your mind, body, and soul.

AGATTI ISLAND

Day 4

This is the finalday After breakfast proceeds for finishing departure formalities and proceeds to Airport, for return journey to destination.You willget some time to purchase local snacks and fish pickles

AGATTI ISLAND

INCLUSIONS

- Entry Permit to Lakshadweep Islands
- Welcome Drink
- Agatti Airport / Jetty Pickup & Drop
- Accommodation (2 sharing basis)
- Breakfast, Lunch & Dinner
- Agatti Island Sightseeing
- Glass Bottom Boat Ride
- Snorkeling Experience
- Kalpity Island Visit
- Turtle Watch
- Dolphin Watch
- Boat Safari
- Kayaking
- Beach Activities
- Sunset Point Visiting
- Cultural Evening (Subject to Availability)
- Complimentary Wi-Fi
- Guided Island Tour
- Travel Insurance

EXCLUSIONS

- Scuba Diving (₹4,000)
- Parasailing (₹3,500)
- Any other service not mentioned in Inclusions

Home Stay Package Menu

First Day
Rice, Fish Curry, Sambar, Pappadam, Fish Fry, Side Dish–(Lunch)
Chappathi and Rice, Chicken Curry- (Dinner)

Second Day
Idiyappam and Egg Curry- (Breakfast)
Fish Biryani, Side Dish- (Lunch)
Chappathi and Rice, Fish Curry- (Dinner)

Third Day
Dosa, Chutney and Samabar- (Breakfast)
Rice and Chicken Curry, Side Dish- (Lunch)
Chappathi or Rice, Egg Roast and Chicken Curry (Dinner)

Fourth Day
Puttu and Kadala Curry- (Breakfast)

- Cancellation Policy : If the cancellation is made by the airline, the full flight ticket amount and the entire package amount will be refunded.
- Refund Policy: If the cancellation is made by the customer, the applicable flight ticket cancellation charges will be deducted as per the airline's policy, and the package amount will be refunded after deducting the applicable permit charges.
- Passenger Details Sharing Timeline : Passenger details should be shared at least 17 days before the travel date. Once the details and booking formalities are completed, the boarding passes will be issued.

Resort Package Menu Below

MENU

SUNDAY

Morning Tea / Coffee

Breakfast
Dosa - Sambar - Chammanthi
Upma - Banana

Lunch
Rice - Dal
Fish Curry - Lagoon Fish Fry
Veg Side Dishes * 2
Pappad, Achar

Evening Tea/ Coffee
with Biscuits

Dinner
Rice - Dal - Chappathi
Chicken Curry - Chicken Fry
Egg Burji
Veg Side Dishes * 2
Sweets / Fruits

MONDAY

Morning Tea / Coffee

Breakfast
Noolputtu - Green peas
Bread - Jam - Butter

Lunch
Ghee Rice - Dal
Chicken Curry /
Chicken Roasted
Veg Side Dishes * 2

Evening Tea/ Coffee
with Biscuits

Dinner
Fish Biriyani / Veg Biriyani
Chappathi - Dal
Boiled Egg
Fish Curry / Veg Salad
Sweets / Fruits

TUESDAY

Morning Tea / Coffee

Breakfast
Poori - Bajji
Puttu - Banana

Lunch
Rice - Dal
Mulani Fish Curry - Fish Fry
Egg Burji
Veg Side Dishes * 2

Evening Tea/ Coffee
with Biscuits

Dinner
Rice - Dal - Chappathi
Chicken Curry - Chicken 65
Aloo Bajji
Veg Side Dishes * 2
Sweets / Fruits

WEDNESDAY

Morning Tea / Coffee

Breakfast
Idli- Sambar - Chammanthi
Bread - Omlet - Butter

Lunch
Ghee Rice - Dal
Chicken Curry
Chicken Fry
Veg Side Dishes * 2

Evening Tea/ Cofee
with Biscuits

Dinner
Rice - Dal - Chappathi
Fish Curry - Lagoon Fish Fry
Paneer Butter Masala
Veg Side Dishes * 2
Egg Roast
Sweets / Fruits

THURSDAY

Morning Tea / Coffee

Breakfast
Dosa - Sambar - Chammanthi
Upma - Banana

Lunch
Rice - Dal
Fish Curry - Lagoon Fish Fry
Paneer Butter Masala
Veg Side Dishes * 2
Pappad, Achar

Evening Tea/ Coffee
with Biscuits

Dinner
Rice - Dal - Chappathi
Chicken Curry - Chicken Fry
Aviyal
Veg Side Dishes * 2
Sweets / Fruits

FRIDAY

Morning Tea / Coffee

Breakfast
Noolputtu - Green peas
Bread - Jam - Butter

Lunch
Ghee Rice - Dal
Chicken Curry
Chicken Roasted
Veg Side Dishes * 2

Evening Tea/ Cofee
with Biscuits

Dinner
Fish Biriyani / Veg Biriyani
Chappathi - Dal
Egg Roast
Fish Curry / Veg Salad
Sweets / Fruits

SATURDAY

Morning Tea / Coffee

Breakfast
Poori - Bajji
Puttu - Banana

Lunch
Rice - Dal
Mulani Fish Curry - Fish Fry
Veg Kuruma
Veg Side Dishes * 2

Evening Tea/ Coffee
with Biscuits

Dinner
Rice - Dal - Chappathi
Chicken Curry - Chicken 65
Aloo Bajji
Veg Side Dishes * 2
Sweets / Fruits